## ചട്ടം 300 പ്രകാരമുള്ള പ്രസ്താവന

ടാക്സി-ഓട്ടോറിക്ഷാ നിരക്ക് വർദ്ധന

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, സംസ്ഥാനത്ത് ഓട്ടോറിക്ഷാ-ടാക്സി മേഖലയിൽ ഏറ്റവും ഒടുവിലായി ചാർജ്ജ് പുതുക്കി നിശ്ചയിച്ചിരുന്നത് 2014-ലാണ്. പ്രസ്തുത ചാർജ്ജ് വർദ്ധനയ്ക്കുശേഷം പെട്രോൾ ഡീസൽ നിരക്കിലെ വൻ വർദ്ധനവുൾപ്പെടെ ടാക്സി-ഓട്ടോറിക്ഷ നടത്തിപ്പിലെ വിവിധ ചെലവുകളിലുണ്ടായ വർദ്ധനവ് പരിഗണിച്ചുകൊണ്ട് ടാക്സി-ഓട്ടോറിക്ഷാ നിരക്ക് വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ഈ മേഖലയിലെ ഭരണ-പ്രതിപക്ഷ ഭേദമന്യേ എല്ലാ തൊഴിലാളി സംഘടനകളും സർക്കാരിന് നിവേദനങ്ങൾ സമർപ്പിക്കുകയും സമരത്തിന് നോട്ടീസ് നൽകുകയും ചെയ്തിരുന്നു. ഈ സംഘടനകളുമായി സർക്കാർ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പഠിച്ച് ശിപാർശ സമർപ്പിക്കുന്നതിനായി നിയമിച്ചിട്ടുള്ള ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയോട് റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. ബഹുമാനപ്പെട്ട ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റി പൊതുജനങ്ങൾ, തൊഴിലാളികൾ, ടാക്സി-ഓട്ടോറിക്ഷാ ഓപ്പറേറ്റർമാർ എന്നിവരിൽനിന്ന് തിരുവനന്തപുരം, കൊച്ചി, കോട്ടയം എന്നിവിടങ്ങളിൽവച്ച്

അഭിപ്രായം ആരായുകയുണ്ടായി. ഇതുസംബന്ധിച്ച ശാസ്ത്രീയമായ വിവരങ്ങൾ കമ്മിറ്റി നാറ്റ്പാകിൽനിന്നും ശേഖരിക്കുകയും ചെയ്തു.

ടാക്സി- ഓട്ടോറിക്ഷാ മേഖലകളിൽ ജോലി ചെയ്ത് ഉപജീവനം നടത്തുന്ന തൊഴിലാളികൾക്ക് സമൂഹത്തിലെ മറ്റേതൊരു മേഖലയിലും ഉണ്ടായിട്ടുള്ളതുപോലെ ജീവിത ചെലവിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്നും അവിദഗ്ദ്ധ തൊഴിലാളികൾക്ക് ലഭിക്കുന്ന ശരാശരി കൂലിപോലും ഓട്ടോറിക്ഷാ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ലഭിക്കുന്നില്ലെന്നും ക്യാപിറ്റൽ, എംപ്ലോയ്മെന്റ് ഉൾപ്പെടെയുള്ള നടത്തിപ്പ് ചെലവുകളിലുണ്ടായ വർദ്ധനവ് ടാക്സി-ഓട്ടോറിക്ഷാ നിരക്കുകൾ ഉചിതമായ നിരക്കിൽ വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചിട്ടുണ്ടെന്നും ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റി വിലയിരുത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് അദ്ദേഹം 05.11.2018-ൽ സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. ഈ റിപ്പോർട്ട് പരിശോധിച്ചതിനുശേഷം സംസ്ഥാനത്തെ ടാക്സി-ഓട്ടോറിക്ഷാ വാടക നിരക്കുകൾ വർദ്ധിപ്പിക്കുന്നതിന് ഇന്നലെ (05.12.2018) ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിക്കുകയുണ്ടായി. ഇപ്പോൾ നിലവിലുള്ള ടാക്സി-ഓട്ടോറിക്ഷാ നിരക്കുകൾ, കമ്മിറ്റി നിർദ്ദേശിച്ച നിരക്കുകൾ, സർക്കാർ അംഗീകരിച്ച നിരക്ക്

എന്നിവ അനുബന്ധമായി ചേർക്കുന്നു.

പ്രസ്തുത നിരക്ക് വർദ്ധനവ് കൂടാതെ, അഡീഷണൽ ചാർജ്ജ്, വെയ്റ്റിംഗ് ചാർജ്ജ് എന്നിവയ്ക്ക് നിലവിലുള്ള വ്യവസ്ഥ അതേപടി തുടരുവാനും മിനിമം ചാർജ്ജിനുള്ള ദൂരം കഴിഞ്ഞ് പൂർത്തിയായ കിലോമീറ്ററിന് ശേഷംവരുന്ന ഓരോ 100 മീറ്ററിനും അതിൽ താഴെയും ദൂരത്തിന് 1.20 രൂപ വച്ച് മീറ്റർ ചാർജ്ജ് ഈടാക്കാവുന്നതാണെന്നും തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട സഭയെ ഞാൻ അറിയിക്കുന്നു.

P. 06.12.2018
BS/AM -1